FRIDAY 15.03.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/03/2024

1. രാജ്യത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാമായി പ്രഖ്യാപിക്കപ്പെട്ട ആലുവ വിത്ത് ഉൽപാദന കേന്ദ്രത്തിന് പുറമേ സംസ്ഥാനത്തെ മറ്റു 13 ഫാമുകൾ കൂടി കാർബൺ തൂലിത പദവിയിലേക്ക് എത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി കൃഷിമന്ത്രി പി പ്രസാദ് അറിയിച്ചു. 2022 ഡിസംബർ 10നാണ് ആലുവ ഫാമിനെ മുഖ്യമന്ത്രി പിണറായി വിജയൻ കാർബൺ തൂലിതമായി പ്രഖ്യാപനം നടത്തിയത്. കാലാവസ്ഥ അനുകൂലമായാൽ മാത്രമേ കൃഷിസാധ്യമാകൂ എന്ന യാഥാർത്ഥ്യത്തിന് പ്രസക്തി ഏറിയിരിക്കുന്ന കാലഘട്ടമാണിത്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് പ്രകൃതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് മാത്രമേ കാർഷിക മേഖലയ്ക്ക് ഇനി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. കൃഷി, മൃഗപരിപാലനം എന്നീ മേഖലകളിലെ പല പ്രവർത്തികളും ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷത്തിൽ ബഹിർഗമിക്കാൻ കാരണമാകുന്നുണ്ട്. വിവിധ കാർഷിക പ്രവർത്തികളിലും മറ്റ് ഉത്പാദനോപാധികളിലുമായി പുറന്തള്ളപ്പെടുന്ന അതേ അളവിൽ മണ്ണിൽ കാർബൺ ആഗിരണം ചെയ്യുമ്പോഴാണ് കാർബൺ ന്യൂട്രൽ കൃഷി എന്ന് പറയാവുന്നത്. പുറത്തുനിന്നുള്ള ഉൽപാദനോപാധികളും ഫോസിൽ ഇന്ധനങ്ങളും പരമാവധി കുറക്കുകയാണ് ഇതിനുള്ള പ്രധാന മാർഗ്ഗം.

2. വെള്ളായണി കാർഷിക കോളേജിൽ വച്ച് ട്രെയിനിംഗ് സർവീസ് സ്കീം 2024 മാർച്ച് 22, 23 തീയതികളിൽ 'സുസ്ഥിര നഗര കാർഷിക സംവിധാനങ്ങളും സുസ്ഥിര നഗരങ്ങളും" എന്ന വിഷയത്തിൽ നടത്തുന്ന അന്താരാഷ്ട്ര സെമിനാറിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ മികച്ച നഗരകർഷകർക്ക് അവാർഡ് നൽകുന്നു. മട്ടുപ്പാവ് കൃഷി, വീട്ടുവളപ്പിലെ കൃഷി എന്നീ രണ്ട് വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്. മത്സരാർത്ഥികൾ നിലവിൽ കൃഷി ചെയ്യുന്നവരായിരിക്കണം. താല്പര്യമുള്ള നഗര

കർഷകർ 2024 മാർച്ച് 19 നകം പേര് രജിസ്റ്റർ ചെയ്യുന്നതിനായി 8891540778 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സ്ആപ്പ് മെസ്സേജ് അയക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. അവാർഡിന് വേണ്ടി തങ്ങളുടെ കൃഷിയിടത്തെ കുറിച്ച് ഒരു മിനിറ്റിൽ താഴെ ദൈർഘ്യമുള്ള വീഡിയോകളോടൊപ്പം, കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം, കൃഷി ചെയ്യുന്ന വിളകൾ, അവയുടെ വിൽപ്പന രീതി (സ്വന്തം/ അയൽപക്കത്തോ അടുത്തുള്ള കമ്പോളത്തിലോ വിൽക്കുന്നു) എന്നീ കാര്യങ്ങൾ കൂടി രേഖപ്പെടുത്തിയിരിക്കണം. തെരഞ്ഞെടുക്കപ്പെട്ട കൃഷിയിടങ്ങൾ വിദഗ്ധസംഘം നേരിട്ട് പരിശോധിച്ചതിനു ശേഷമായിരിക്കും അവാർഡ് നിർണയിക്കുക. അവാർഡ് തുകയോടൊപ്പം സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207854920 / 8281648810 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലെ മത്സ്യ ഫാമുകൾക്കും ഹാച്ചറികൾക്കും 2024-25 വർഷത്തെ ലൈസൻസ് പുതുക്കുന്നതിന് (കുടിശ്ശിക ഉൾപ്പെടെ) അദാലത്ത് സംഘടിപ്പിക്കുന്നു. മാർച്ച് 18 ന് (തിങ്കൾ) രാവിലെ 11 മുതൽ 4 വരെ ഈസ്റ്റ് കടുങ്ങല്ലൂർ യു.സി കോളേജിന് സമീപത്തുള്ള നിഫാം ആലുവ എന്ന സ്ഥാപനത്തിലും മാർച്ച് 19 ന് രാവിലെ 11 മുതൽ 4 വരെ എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും അദാലത്ത് സംഘടിപ്പിക്കും. അദാലത്തിൽ പങ്കെടുക്കുന്നവർ ഫാം/ഹാച്ചറിയുടെ രജിസ്ട്രേൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും, മുൻ വർഷത്തെ ലൈസൻസ് കോപ്പിയും ഹാജരാക്കേണ്ടതാണ്. അദാലത്ത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾക്കും 8304952394 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ 'പാലിൽ നിന്ന് മൂല്യവർദ്ധിത ലഘുഭക്ഷണങ്ങൾ (Snacks) എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡെയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് ഇന്നും നാളെയുമുയി (മാർച്ച് 15,16) ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. ഫീസ്: 1000 രൂപ. വിശദവിവരങ്ങൾക്ക് 9744481598 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

6. 'ഓമിക്സ് അപ്രോച്ചസ് ട്ടു ഡെസിഫര് പ്ലാൻ്റ് മെറ്റബോളിസം ആൻ എവല്യൂഷനറി ഹിസ്റ്ററി ' എന്ന വിഷയത്തിൽ 2024 മാർച്ച് 20 മുതൽ 22 വരെ ഒരു പരിശീലനപരിപാടി ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിൽ വച്ച് നടക്കുന്നു. ഇൻഡോ-ഫ്രഞ്ച് സെൻ്റർ ഫോർ ദി പ്രമോഷൻ ഓഫ് അഡ്വാൻസ്ഡ് റിസേർച്ചിൽ നിന്നുള്ള ധനസഹായത്തോടെ നടപ്പാക്കുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ബോട്ടണി, ബയോടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, അഗ്രിക്കൾച്ചർ അല്ലെങ്കിൽ ഏതെങ്കിലും ബയോളജി വിഷയത്തിലോ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്നവരോ പിഎച്ച്ഡിക്കു പഠിക്കുന്നവരോ പഠനം പൂർത്തിയാക്കിയവർക്കോ പരിപാടിയിൽ പങ്കെടുക്കാം.